നം.എസ്.പി.(1)/37648/13/ഡിപിഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 23/9/2013.

## പ്രസ്സ് റിലീസ്

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ഹൈസ്കൂളുകളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് ഗ്രന്ഥകർത്താക്കൾ, പ്രസാധകർ എന്നിവരിൽ നിന്നും വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ ക്ഷണിക്കുന്നു.

പരിഷ്ക്കരിച്ച പാഠ്യപദ്ധതി അനുസരിച്ച് കുട്ടികൾക്ക് പ്രോജക്ട്, സെമിനാർ, അസസ്സ്മെന്റുകൾ എന്നിവ തയ്യാറാക്കുവാൻ സഹായിക്കുന്ന പുസ്തകങ്ങൾ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, തമിഴ്, കന്നട എന്നീ ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കഥ, കവിത, നോവൽ, ജീവചരിത്രം, റഫറൻസ് ഗ്രന്ഥങ്ങൾ, വ്യാകരണം, പൊതുവിജ്ഞാനം, നിഘണ്ടു, സയൻസ്, കമ്പ്യൂട്ടർ സംബന്ധമായവ, വിദ്യാഭ്യാസ സംബന്ധമായവ, സ്പോർട്സ് തുടങ്ങിയവ പരിഗണിക്കുന്നതാണ്.

പുസ്തകത്തിന്റെ മുഖവിലയിൽ നിന്നും പരമാവധി ഡിസ്കൗണ്ട് കാണിച്ച് വിശദവിവരങ്ങൾ അടങ്ങിയ അപേക്ഷ പുസ്തകത്തിന്റെ 2 കോപ്പി സഹിതം 2013 ഒക്ടോബർ 10-നകം **പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകളിൽ സ്കൂൾ ലൈബ്രറികൾക്ക് ഉപയുക്തമായവ മാത്രം തെരഞ്ഞെടുക്കുന്നതിനും അല്ലാത്തവ നിരസിക്കുന്നതിനും ഉള്ള അധികാരം വിദ്യാഭ്യാസ ഡയറക്ടറിൽ മാത്രം നിക്ഷിപ്തമായിരിക്കും. സെലക്ഷനുവേണ്ടി അപേക്ഷിച്ച പുസ്തകങ്ങൾ യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

M. ABDUL ...
Joint Secretary to Govt.
O/D as Senior Finance Officer
Directorate of Public Instruction
Thiruvananthapuram-14

E.B.23/9